LIBRARY ARCHIVES Kerala Legislative Assembly

കോവിഡ് ഐസൊലേഷൻ വാർഡിൽ ജോലി ചെയ്യുന്നവർക്ക് ആനുകൂല്യങ്ങൾ

240 (3267) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി ആരംഭിച്ചതു മുതൽ കേരളത്തിലെ സർക്കാർ ആശുപത്രി ഐസൊലേഷൻ വാർഡുകളിൽ ജോലി ചെയ്യുന്ന നഴ്സുമാർ, നഴ്സിംഗ് അസിസ്റ്റന്റുമാർ തുടങ്ങിയ താൽക്കാലിക/കരാർ ജീവനക്കാരെ ആശുപത്രികളിൽ നിലനിർത്താൻ നടപടി സ്വീകരിക്കുമോ;

(ബി) പരിചയസമ്പന്നരായ ഇവർക്ക് പ്രത്യേക പരിഗണനയിൽ എന്തെങ്കിലും ആനുകൂല്യം നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം.), ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി, കുടുംബശ്രീ മുതലായവ വഴി ആശുപത്രികളിലെ ജോലി ഭാരം കണക്കിലെടുത്ത് താൽക്കാലിക/കരാർ ജീവനക്കാരെ നിയമിക്കാറുണ്ട്. പ്രസ്തുത നിയമനം താൽക്കാലികം മാത്രമാണ്. നിലവിലെ ചട്ടപ്രകാരം താൽക്കാലിക/കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നിർവ്വാഹമില്ല. കോവിഡ് കാലയളവിൽ എൻ.എച്ച്.എം.-ന് കീഴിൽ ജോലി ചെയ്യുന്ന ദിവസ വേതന അടിസ്ഥാനത്തിലും താൽക്കാലിക അടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് ഇൻസെന്റീവും റിസ്ക് അലവൻസും നൽകുന്നുണ്ട്.

കോവിഡ് വാക്സിൻ സർട്ടിഫിക്കറ്റ്

241 (3268) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മാസം 10-ാം തീയതിക്ക് മുമ്പ് രണ്ടാം ഡോസ് കോവിഡ് പ്രതിരോധ വാക്സിൻ എടുത്തവർക്ക് കേന്ദ്ര സർക്കാർ കോവിൻ സൈറ്റിൽ നിന്നും സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് നാഷണൽ ഹെൽത്ത് മിഷന്റെ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഇറക്കിയ സർക്കുലറിലെ അവ്യക്തത കാരണമാണ് ജൂൺ മാസം 10-ാം തീയതിക്ക് മുമ്പ് രണ്ടാം ഡോസ് കോവിഡ് പ്രതിരോധ വാക്സിൻ എടുത്തവർക്ക് കേന്ദ്ര സർക്കാർ കോവിൻ സൈറ്റിൽ നിന്നും സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ സാധിക്കാത്തത് എന്ന ആക്ഷേപം പരിശോധിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. COWIN പോർട്ടലിലെ നിലവിലെ ക്രമീകരണമനുസരിച്ച്, ടി പോർട്ടലിൽ അടുത്ത ദിവസം വൈകുന്നേരം 5 മണി വരെ ഒരു ദിവസത്തെ വാക്സിനേഷൻ അടയാളപ്പെടുത്താവുന്നതാണ്. അതിനുശേഷം സെഷൻ മരവിപ്പിക്കുന്നതിനാൽ കൂടുതൽ ഡാറ്റാ എൻട്രി സാദ്ധ്യമല്ല. കേന്ദ്ര സർക്കാർ കോവിഷീൽഡിന്റെ 2 ഡോസുകൾക്കിടയിലെ ഏറ്റവും കുറഞ്ഞ ഇടവേള മേയ് 13 മുതൽ 84 ദിവസമായി മാറ്റിയതിനാൽ, 12 ആഴ്ചത്തെ വിടവ് പലരുടെയും യാത്രാ പദ്ധതികളെ തടസ്സപ്പെടുത്തുകയും വിദേശത്തേയ്ക്ക് പോകുന്ന പലരുടെയും ജോലി അപകടത്തിലാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇതിൽ ഇളവ് നൽകണമെന്ന് സംസ്ഥാനം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിരുന്നു. അതേ സമയം തന്നെ 28 ദിവസത്തിനുശേഷം കോവിഷീൽഡിന്റെ രണ്ടാം ഡോസ് നൽകാനും സംസ്ഥാനം ആരംഭിച്ചു. കോവിഷീൽഡിന്റെ ആദ്യകാല അഡ്മിനിസ്ട്രേഷൻ അടയാളപ്പെടുത്തുവാൻ കോവിനിൽ സാദ്ധ്യമല്ലാത്തതിനാൽ അത്തരം ഗുണഭോക്താക്കൾക്ക് സംസ്ഥാനം ഇഹെൽത്ത് പോർട്ടൽ (https://covid19.kerala.gov.in/vaccine/) വഴി വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ (പ്രൊവിഷണൽ + ഫൈനൽ) നൽകി. 2021 ജൂൺ 13 മുതലാണ് കോവിൻ മുഖേന വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള സംവിധാനം കോവിനിൽ പ്രവർത്തനക്ഷമമാക്കിയത്. ആയതിനാൽ മേയ് 21-നും ജൂൺ 12-നുമിടയിൽ രണ്ടാം ഡോസ് വാക്സിൻ ലഭിച്ച ഗുണഭോക്താക്കൾക്ക് കോവിൻ മുഖേനയുള്ള വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭ്യമല്ല. പിന്നീട് കേന്ദ്ര സർക്കാർ രണ്ടാം ഡോസ് വാക്സിൻ നേരത്തെ നൽകാനുള്ള അനുമതി നൽകിയതിനെത്തുടർന്ന് പ്രസ്തുത വാക്സിൻ സ്വീകരിച്ചവരുടെ ബാക്ക് ലോഗ് ഡാറ്റാ എൻട്രി സാദ്ധ്യമാക്കാൻ കേന്ദ്രത്തോട് അഭ്യർത്ഥിക്കുകയും അനുകൂലമായി മറുപടി ലഭിക്കുകയും ചെയ്തിരുന്നുവെങ്കിലും കോവിനിൽ മേൽപ്പറഞ്ഞ ബാക്ക്ലോഗ് ഡാറ്റാ എൻട്രി സൗകര്യം ഇതുവരെ പ്രാവർത്തികമാക്കിയിട്ടില്ല.

കോവിഡ് വാക്സിൻ

242 (3269) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വാക്സിൻ യഥാസമയം എല്ലാവർക്കും ലഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാകുന്ന വാക്സിൻ ജില്ലകളിൽ ആവശ്യാനുസരണം ജനസംഖ്യാ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നു. അടുത്ത 3 മാസത്തിനുള്ളിൽ യോഗ്യരായ എല്ലാ ഗുണഭോക്താക്കൾക്കും പ്രതിരോധ